എന്റെ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

* 14 [347] ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ''എന്റെ ഗ്രാമം'' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പ്രാവർത്തിക പ്രായോഗികതല പരിപാടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയിലൂടെ സാംസ്കാരിക മണ്ഡലത്തിൽ പ്രതീക്ഷിക്കപ്പെടുന്ന പരിവർത്തനവും സാംസ്കാരികോത്കർഷവും വിവരിക്കാമോ;

(ഡി) ഈ പദ്ധതികൊണ്ട് എത്തെല്ലാം തലങ്ങളിലുള്ള ജനവിഭാഗങ്ങൾക്കാണ് പ്രയോജനം കൈവരുക എന്ന് അറിയിക്കാമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ, ബി, സി, ഡി) ''എന്റെ ഗ്രാമം'' എന്ന പേരിൽ ഒരു പദ്ധതി പരിഗണനയിലില്ല. എന്നാൽ ഗ്രാമീണ കേരളത്തിന്റെ വിശുദ്ധിയും ശാലീനതയും ഉൾത്തുടിപ്പുകളും പുനഃസൃഷ്ടിച്ച് അനുഭവവേദ്യമാക്കുന്നതിലേക്കായി ''പൈതൃകഗ്രാമം'' എന്ന ഒരു പദ്ധതിക്ക് രൂപം കൊടുത്തുവരികയാണ്. ഇതിന്റെ വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ.

ആദിവാസി പുനരധിവാസ പദ്ധതി

* 15 [348] ശ്രീ. പി. നാരായണൻ:
,, എൻ. രാജൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരധിവാസ പദ്ധതി പ്രകാരം വിവിധ പ്രദേശങ്ങളിലായി എത്ര ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഭൂമി ലഭിച്ചവർക്ക് സൗജന്യ റേഷൻ ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങൾ എത്തിച്ചുകൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇവർക്ക് ലഭിച്ചിരുന്ന സൗജന്യ റേഷൻ കിട്ടാതായിട്ട് എത്ര കാലമായി;

(ഡി) ഈ ആദിവാസി കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) 3253 കുടുംബങ്ങളെ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂമി നൽകി പുനരധിവസിപ്പിക്കപ്പെട്ടവർക്ക് തുടർന്നുള്ള വികസനപ്രവർത്തനങ്ങൾ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പാക്കി വരുന്നുണ്ട്. ഇത്തരം വികസന പ്രവർത്തനങ്ങൾക്കായി ഇതുവരെ 11.53 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാലവർഷം മുതലായ പ്രത്യേക അവസരങ്ങളിൽ സൗജന്യ റേഷനും ഫുഡ് സപ്പോർട്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും നൽകാറുണ്ട്.

(സി) പഞ്ചമാസങ്ങളിലാണ് സൗജന്യ റേഷൻ നൽകുന്നത്. കൂടാതെ ഫുഡ് സപ്പോർട്ട് പദ്ധതിയും നടപ്പാക്കി വരുന്നുണ്ട്.

(ഡി) 2-11-2002-ലെ സർക്കാർ ഉത്തരവ് (എം. എസ്.) 63/02/പ.ജ. പവ. വിവ.-ൽ നിർദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളാണ് പൊതുവേ നടപ്പിലാക്കി വരുന്നത്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കരിക്കുലവും സിലബസ്സും പരിഷ്കരിക്കുന്നതിന് നടപടി

* 16 [349] ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
,, വി. ചെന്താമരാക്ഷൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി കോഴ്സിന്റെ കരിക്കുലവും സിലബസ്സും പരിഷ്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) പരിഷ്കരിച്ച കരിക്കുലത്തിനും സിലബസ്സിനും അനുസരിച്ചുള്ള പാഠപുസ്തകങ്ങൾ എല്ലാ വിഷയത്തിനും തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഏതൊക്കെ വിഷയത്തിലാണ് പാഠപുസ്തകങ്ങൾ തയ്യാറാക്കാനുള്ളത്;

(ഡി) ഹയർസെക്കണ്ടറി തലത്തിൽ പരിഷ്കരിച്ച സിലബസ് പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് നൽകുന്ന പരിശീലനത്തിന്റെ പുരോഗതി വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഹയർസെക്കണ്ടറി കോഴ്സിന്റെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബിക് എന്നീ വിഷയങ്ങളുടെ കരിക്കുലം പരിഷ്കരിക്കുകയും ടെസ്റ്റ് ബുക്കും അദ്ധ്യാപകർക്കുള്ള സോഴ്സ് ബുക്കും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേരളത്തിലെ മൂന്ന് യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ വഴി അതു വിതരണം ചെയ്തുവരികയുമാണ്. ബാക്കി 45 വിഷയങ്ങൾക്ക് അദ്ധ്യാപകർക്കുവേണ്ടി സ്വീകരിച്ച സോഴ്സ് ബുക്ക് തയ്യാറാക്കിയിട്ടുണ്ട്.

(ബി, സി) നാല് വിഷയങ്ങളുടെ പാഠപുസ്തകം തയ്യാറാക്കി വിതരണം ചെയ്തുവരുന്നു.

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly